കൃഷി നാശം സംഭവിച്ചവർക്കും നൽകുന്നതിനുമായി ആകെ 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്നതിലേയ്ക്കായി പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എല്ലായ്പ്പോഴും കൃത്യമായി ധനസഹായം അനുവദിച്ച് കിട്ടാറില്ല. 1998-ലെ തെക്ക് പടിഞ്ഞാറൻ കാലവർഷം മൂലം മരിച്ച 4 പേരുടെ കുടുംബങ്ങൾക്കും, വടക്കുകിഴക്കൻ കാലവർഷംമൂലം മരിച്ച 12 പേരുടെ കുടുംബങ്ങൾക്കും, 1998-ലെ വേനൽ മഴമൂലം മരിച്ച 39 പേർക്കും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇനിയും ധനസഹായം അനുവദിച്ച് കിട്ടിയിട്ടില്ല.

(സി) അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് നൽകുന്നതാണ്.

92 (1318) അതിവർഷ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ പോരായ്മകൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവർഷ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ പോരായ്മകൾ സംബന്ധിച്ച ആക്ഷേപങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെ എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഈ വർഷം ഉണ്ടായ അതിവർഷ ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

93 (1319) ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം റാന്നി-സീതത്തോട് പഞ്ചായത്തിൽ ഉരുൾപൊട്ടി എത്ര പേർ മരണമടഞ്ഞു;

(ബി) എത്ര വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടു;

(സി) ഒരു വർഷം കഴിഞ്ഞിട്ടും വീടുകളും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി നൽകാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമി വാങ്ങി ഇവർക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന് പേർ.

(ബി) 11 വീടുകൾ.

(സി) ആന്റ് (ഡി) വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് 30 സെന്റ് ഭൂമി ആവശ്യമുണ്ട്. അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമല്ല. ആവശ്യമായ ഭൂമി വിലയ്ക്കെടുത്തു നൽകുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly